മി. സ്പീക്കർ: ഓർഡർ......ഓർഡർ ....ചോദ്യം നമ്പർ *61

വനാശ്രിത സമൂഹത്തിന്റെ സംരക്ഷണം

(*61) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് കേന്ദ്ര വന സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സാഹചര്യം തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിതമാക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വനമേഖലയിലെ വിഭവശേഖരണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള അവകാശം നിലനിർത്തുന്നതിനും വനമേഖലയുമായി

ബന്ധപ്പെട്ട അറിവുകൾ പൈതൃക സ്വത്തായിത്തന്നെ നിലനിർത്തുന്ന വിധത്തിൽ വനാശ്രിത സമൂഹത്തെ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് കേന്ദ്ര വനസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്ന പുതിയ ചട്ടമാണ് 28-06-2022-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വന (സംരക്ഷണ) ചട്ടം 2022. ഈ ചട്ടത്തിന്മേൽ ആദിവാസി ഭൂമിയും വിഭവങ്ങളും ചൂഷണം ചെയ്യുന്നതിന് അവസരം നൽകുന്ന രീതിയിലുള്ള വ്യവസ്ഥകളൊന്നുംത്തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിതമാക്കുന്നതിനുവേണ്ടി ആവിഷ്കരിക്കുന്നതിനുദ്ദേശിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വനങ്ങളിൽനിന്നും ലഭ്യമായ ചെറുകിട വനവിഭവങ്ങളുടെ ശേഖരണമാണ് ആദിവാസികളുടെ ജീവനോപാധിയും വരുമാനവും. 2006-ലെ വനാവകാശ നിയമ (The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കുംമേൽ നിബന്ധനകളോടുകൂടി അവകാശങ്ങൾ അംഗീകരിച്ച് കൊടുക്കുന്നുണ്ട്. വനാവകാശ നിയമത്തിലെ സാമൂഹിക അവകാശപ്രകാരം വനത്തിനുള്ളിൽനിന്നും ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാണ്. വനമേഖലയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൈതൃകമായ അറിവുകൾകൂടി ഉൾകൊള്ളിച്ചാണ് വനവിഭവ ശേഖരണം, വനസംരക്ഷണം, വനപരിപാലനം എന്നിവ നടപ്പിലാക്കി വരുന്നത്. ആയതിനാൽ വനമേഖലയുമായി ബന്ധപ്പെട്ട അറിവുകൾ പൈതൃകസ്വത്തായിത്തന്നെ നിലനിർത്തുവാൻ സാധിക്കുന്നുണ്ട്.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. കെ. വിജയൻ): സർ, 2006-ലെ വനാവകാശ നിയമം വളരെ

പുരോഗമനപരമാണ്. വനത്തിനുള്ളിൽ അധിവസിക്കുന്ന ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും ജീവിതത്തിനുള്ള അവകാശവും ഉറപ്പുവരുത്തുന്നതായിരുന്നു ഈ നിയമം. എന്നാൽ പൊതുമേഖലാസ്ഥാപനങ്ങൾ, കടൽ, കൃഷിഭൂമി എന്നിവയെല്ലാം കോർപ്പറേറ്റുകൾക്ക് നൽകുന്നതിന്റെ തുടർച്ചയായി കേന്ദ്ര ഗവൺമെന്റ് പുതുതായി കൊണ്ടുവരുന്ന വനസംരക്ഷണ ചട്ടങ്ങൾ വനമേഖലയിലും കോർപ്പറേറ്റുകളുടെ കടന്നുകയറ്റം അനായാസമാക്കുന്നതാണ്. വനാശ്രിത സമൂഹത്തിന്റെ ഉപജീവനവും വരുമാനവും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ വനാശ്രിത സമൂഹത്തിന്റെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാന വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വനാവകാശ നിയമപ്രകാരം അവിടത്തെ ജനവിഭാഗത്തിന് സഹായം നൽകുന്ന വിധത്തിൽ നിരവധി പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിവിടെ അനുബന്ധമായി ചേർത്തിട്ടുണ്ട്. വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ, എക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് വനപരിപാലന/വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി

വരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം മുതലായ കാര്യങ്ങൾ ഈ കമ്മിറ്റികളിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള സംവിധാനമാണുണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, സുസ്ഥിര വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വന നശീകരണം തടയുന്നതിനും വനവത്ക്കരണം വർദ്ധിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനഭൂമി വിസ്തൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വനത്തിനകത്ത് ഉൾക്കൊള്ളുന്ന വനമല്ലാത്ത പ്രദേശങ്ങൾകൂടി വനഭൂമിയാക്കി മാറ്റുന്നതിനും അവിടെ വന്യമൃഗങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന ഫലവൃക്ഷങ്ങളുൾപ്പെടെ നട്ടുപിടിപ്പിച്ചുകൊണ്ടുള്ളൊരു സംവിധാനമാണ് ഇപ്പോൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീമതി സി. കെ. ആശ): സർ, വനപരിപാലനത്തിന് വിവരസാങ്കേതിക വിദ്യാതിഷ്ഠിത

പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനപാലകർക്ക് ആധുനിക സങ്കേതങ്ങളുപയോഗിച്ച് കൃത്യനിർവ്വണം ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്, അതിനാവശ്യമായ സാങ്കേതികവിദ്യകളും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ ആദിവാസികൾക്ക് ഭൂമിയും വീടും നൽകുന്ന നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. രേഖകളിൽ ഭൂമി ലഭിച്ചിട്ടും സ്വന്തം ഉപയോഗത്തിനും കൃഷിക്കും ഭൂമി ലഭിക്കാത്ത ആദിവാസികളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി വാർത്തകളുണ്ട്. സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായവരുടെ കാര്യം പ്രത്യേകം കണക്കിലെടുത്ത് അവർക്ക് അതിവേഗം വീടും ഭൂമിയും നൽകാനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് വളരെ പ്രധാന വിഷയമാണ്.

ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനം വകുപ്പുമന്ത്രിയെയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും വിളിച്ചുവരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്നിവിടെ ഈ ചോദ്യം ഉന്നയിക്കുന്നുണ്ട്. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി വിശദമായി കാര്യങ്ങൾ സഭയെ അറിയിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, 2006-ലെ വനാവകാശ സംരക്ഷണ നിയമം വളരെ പ്രധാനപ്പെട്ടൊരു നിയമമാണ്. അത് നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വനമേഖലയിലടക്കം തൊഴിലവസരങ്ങൾ കുറയുന്നത് വനാശ്രിത സമൂഹത്തെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ വിഷയമാണ്. വനമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ടൂറിസം സാദ്ധ്യത

പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആദിവാസി വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് എക്കോ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുപുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 500 ആദിവാസി യുവാക്കളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമാവലിയനുസരിച്ചാണ് ഈ നിയമനം നിർവ്വഹിക്കുന്നത്. അത് പൂർത്തിയായാലുടൻ അവർക്കെല്ലാവർക്കും ജോലി നൽകാൻ സാധിക്കും. അങ്ങനെ പടിപടിയായി പരമാവധി പേർക്ക് ജോലി നൽകുകയെന്നതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആദിവാസികളുടെ ഭൂമി ഇഷ്ടംപോലെ വാങ്ങിക്കൂട്ടുന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ആദിവാസികൾക്ക് പതിച്ചുനൽകിയ ഭൂമി 25 വർഷം കഴിഞ്ഞ് മാത്രമെ കൈമാറ്റം ചെയ്യപ്പെടാൻ പാടുള്ളൂവെന്നത് ഇപ്പോൾ 12 വർഷമാക്കിയിരിക്കുകയാണ്. ആദിവാസികളുടെ നിഷ്കളങ്കതയും അറിവില്ലായ്മയും ചൂഷണംചെയ്ത് രേഖാമൂലവും അല്ലാതെയും വാങ്ങികൂട്ടിയ

ഭൂമികൾ തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനകം നിരവധി കേസ്സുകളെടുത്തിട്ടുണ്ട്. ഇനിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള വനഭൂമിയിലെ തോട്ടവിളകൾ സംരക്ഷിക്കുന്നതിനും അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തുനടപടികളാണ് വനം വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ മാത്രം ഉത്തരം പറയേണ്ടൊരു ചോദ്യമല്ല; ഇത് തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയമാണ്. അതിന് മറുപടി നൽകാൻ തൊഴിൽ വകുപ്പുമന്ത്രിയുണ്ടെങ്കിലും, ഗവൺമെന്റ് എന്ന നിലയിൽ അവരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ ആലോചനകൾ ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ, ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഈ മേഖലയിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കാനുള്ള

സാദ്ധ്യത എന്തൊക്കെയാണെന്ന് ആരായാവുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, സ്വന്തം ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ടും അതിൽ അലിഞ്ഞുചേർന്ന് ജീവിച്ചുകൊണ്ടും മാതൃകയാകുന്ന വിഭാഗമാണ് ആദിവാസി വിഭാഗം. എന്നാൽ അവർ ആശ്രയിക്കുന്ന വനവിഭവങ്ങളുടെ സ്ഥിരലഭ്യതയും അതിലെ വിപണനത്തിന് നേരിടുന്ന പ്രശ്നങ്ങളും പ്രധാന വെല്ലുവിളികളാണ്. ആദിവാസി മേഖലയിലെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുകയെന്നത് അനിവാര്യമാണ്. അവരുടെ പരമ്പരാഗത അറിവുകളും വൈദഗ്ദ്ധ്യവും ചേർത്തുകൊണ്ടും കുടുംബശ്രീയുമായും പട്ടികവർഗ്ഗ വകുപ്പുമായും ചേർന്ന് പുതിയ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആദിവാസി മേഖലയിലെ സ്ത്രീകൾക്കായി ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പ് ഇക്കാര്യത്തിൽ വനശ്രീ എന്ന പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പും ഇക്കാര്യത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച് ആ ഘട്ടത്തിൽ അദ്ദേഹം മറുപടി പറയുമെന്ന് കരുതുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, വനത്തിൽ ജീവിക്കുന്ന ആദിവാസികൾക്ക് വനവിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളും മറ്റുകാര്യങ്ങളും ചെയ്യാൻ സാധിക്കുന്നില്ല. പാരമ്പര്യമായി ചെയ്തുകൊണ്ടിരുന്ന തൊഴിലുകൂടിയാണിത്. വനാവകാശ നിയമം നിലവിൽ വന്നതോടെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കർശന നടപടികൾ സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളും വനവിഭവങ്ങൾ എടുക്കാനുള്ള അവരുടെ അവകാശങ്ങളും പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്; അവരെ സഹായിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ; അതിനുള്ള നിർദ്ദേശം ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനാവകാശ നിയമപ്രകാരമുള്ള ചട്ടം ലംഘിച്ചുകൊണ്ട് എന്തെങ്കിലും കാര്യങ്ങൾ നടക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ഗൗരവത്തോടെ പരിശോധിക്കുന്നതാണ്. എന്നാൽ അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, ഈ നിയമം നിലവിലുള്ളതുകൊണ്ട് വനത്തിൽ അധിവസിക്കുന്ന ആദിവാസികൾക്ക്

കാര്യക്ഷമമായി പ്രവർത്തിക്കാൻ തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടെന്നത് സത്യമാണ്. അക്കാര്യത്തിൽ കൂടുതൽ ഉദാരമായ നിലപാട് സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കഴിഞ്ഞ ആറുമാസമായി കാസർഗോഡിന്റെ കിഴക്കൻ മലയോര മേഖലയിൽ ഒരുകൂട്ടം ആനകൾ തമ്പടിച്ചിരിക്കുന്നതിനാൽ അവിടത്തെ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീക്ഷണി നേരിടുകയാണ്. കാട്ടാനകളെ ഭയന്ന് ആളുകൾ കൂട്ടത്തോടെ നാടുവിടേണ്ട സ്ഥിതിവന്നിട്ടുണ്ട്. ഈ കാട്ടാനകളെ കർണ്ണാടക വനത്തിലേയ്ക്ക് അയയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം തദ്ദേശവാസികൾക്കാവശ്യമായ സംരക്ഷണം നൽകാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാട്ടാനകൾ പ്രവർത്തിക്കുന്നത് വനാവകാശ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലല്ല, കാട്ടാനകളിൽനിന്ന് മനുഷ്യരെ സംരക്ഷിക്കുകയെന്നതാണ് പ്രധാന പ്രശ്നം. അതിന് സാധ്യമാകുന്ന എല്ലാ നടപടികളും നിലവിൽ സ്വീകരിക്കുന്നുണ്ട്. നാട്ടിലെ കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ കാട്ടിലേയ്ക്ക്

തിരിച്ചയയ്ക്കുന്ന നടപടികളിൽ പുരോഗതിയുണ്ട്. പക്ഷെ അതിന്റെ ഇരട്ടിയായി അവയുടെ ഇങ്ങോട്ടുള്ള ആക്രമണവും കൂടിയിട്ടുണ്ട്. അതിന് ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയാണ് മാർഗ്ഗം. ആ നടപടികൾ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, വനത്തിനുള്ളിൽ ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾക്ക് ഇലക്ട്രിസിറ്റി ഉൾപ്പെടെയുള്ള പശ്ചാലത്ത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വളരെയേറെ ചെലവ് വരുന്നുണ്ട്. അവരുടെ വനാശ്രിത ജീവിതം നഷ്ടപ്പെടുത്താതെതന്നെ വനപ്രാന്തങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള ചില പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നു. ആ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; അതിനോട് സഹകരിക്കാൻ ആദിവാസി സമൂഹം തയ്യാറാകുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത്തരം നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആ പദ്ധതികളുടെ വേഗത ശക്തിപ്പെടുത്തുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിരപ്പിള്ളി, വാഴച്ചാൽ

വനമേഖലയിൽ പതിനഞ്ചോളം ആദിവാസി ഊരുകളാണുള്ളത്. ആദിവാസികൾക്ക് മദ്യം നൽകിയും വലിയ പലിശയ്ക്ക് പണം കടം കൊടുത്തും വന്യമൃഗങ്ങളോട് മല്ലിട്ട് കൃഷി ചെയ്തുണ്ടാക്കുന്ന അവരുടെ ഗുണമേന്മയുള്ള വന വിഭവങ്ങൾ ഇടനിലക്കാർ ചൂഷണം ചെയ്യുന്ന അവസ്ഥയാണുള്ളത്. അവരുടെ ഉന്നമനത്തിനായി രൂപീകരിച്ച ഷോളയാർ ഗിരിജൻ സൊസൈറ്റിയുടെ പ്രവർത്തനം കഴിഞ്ഞ എട്ടുവർഷമായി നിലച്ചിരിക്കുകയാണ്. സൊസൈറ്റിയുടെ കീഴിലുള്ള 210 ഏക്കർ ഭൂമി നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് അവരുടെ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ മേഖലയിൽ ഇപ്പോൾത്തന്നെ സർക്കാർ ഇടപെട്ടുകഴിഞ്ഞിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചില നടപടികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവരെ സംരക്ഷിക്കുന്ന കാര്യത്തിൽ എല്ലാവർക്കും ഒരുപോലെ താൽപ്പര്യമുള്ളതിനാൽ ആ വഴിയിലൂടെത്തന്നെ ഗവൺമെന്റ് നീങ്ങുന്നതാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, വന്യമൃഗശല്യം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വനമേഖലയുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളിൽ ഫെൻസിംഗ്, കിടങ്ങുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കി വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണ സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആ ചോദ്യത്തിനുള്ള മറുപടി പറഞ്ഞതാണെങ്കിലും ആവർത്തിക്കുകയാണ്. ഇത്തരം മേഖലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ സാധിക്കൂ. ട്രഞ്ച് കുഴിക്കുക, ഫെൻസിംഗുകൾ കെട്ടുക, മതിൽ നിർമ്മിക്കുക തുടങ്ങിയ നടപടികൾ ഓരോ വർഷത്തേയും സാമ്പത്തികസ്ഥിതിക്കനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾത്തന്നെ ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അങ്ങയുടെ പ്രദേശങ്ങളിലും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി

(*62) ശ്രീ. റോജി എം. ജോൺ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്. ടി നടപടികളുടെ ഭാഗമായി 27-07-2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ 10-08-2022-ൽ സ.ഉ.(കൈ)നം.44/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് ആ രൂപത്തിൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ബഫർസോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ

തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെടെ വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോസെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള കരട് തയ്യാറാക്കാൻ മാത്രമാണ് ആ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. അതുപ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വഴി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അതിൽപ്പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനങ്ങളിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം

ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28-09-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാന പ്രകാരവും 31-10-2019-ലെ സർക്കാർ ഉത്തരവിനകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കിലോമീറ്റർ എന്നവ്യവസ്ഥ ജനവാസമേഖലയും മറ്റുംഉൾപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ തീരുമാനത്തിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല. ഈ യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശമാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്രകാരം എടുത്ത നടപടികൾ

അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ചപ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനവും കോടതി വിധിയും ലഭ്യമാകുന്നതിനുവേണ്ടിയാണ് 27-07-2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ടെന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല.

(സി) 2019-ലെ ഉത്തരവ് പരിഗണിച്ചല്ല ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. മാത്രവുമല്ല ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് കേരളത്തിന് മാത്രമല്ല, ഇന്ത്യയിൽ ഒട്ടാകെ ബാധകവുമാണ്. 2003-ൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി രാജസ്ഥാനിലെ ഒരു വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലാണ് ബഹുമാനപ്പെട്ട സുപ്രീം

കോടതിയുടെ 03-06-2022-ലെ വിധി വന്നിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത സർക്കാർ ഉത്തരവ് പിൻവലിക്കുകയല്ല വേണ്ടത്. മറിച്ച് ഉത്തരവുപ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസമേഖലകൾ ഉൾപ്പെടെ പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെകൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കൂടി ചൂണ്ടികാണിച്ചുകൊണ്ട് 17-08-20122-ന് സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അതിനാൽത്തന്നെ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതെന്നും അതുകൊണ്ട് പ്രസ്തുത ഉത്തരവ് സംസ്ഥാന സർക്കാരിന്റെ കാബിനറ്റ് ചേർന്ന് റദ്ദാക്കുമെന്നും കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ വ്യക്തമായ മറുപടിയിൽ ആ ഉത്തരവ് റദ്ദാക്കിയിട്ടില്ല, പുതിയ ഉത്തരവിറക്കി

എന്നാണ് പറയുന്നത്. ഇത് കർഷകർക്കിടയിൽ വലിയ ആശങ്കയുണ്ടാക്കുന്ന ഒന്നാണ്. കാരണം ഇപ്പോൾ പരിധി 0-1 കി.മീ. എന്ന് പറയുകയും അതിനനുസരിച്ച് ജനവാസ മേഖലയെ ഒഴിവാക്കാനുള്ള അവസാന വിജ്ഞാപനത്തിൽ അത് കൊണ്ടുവരുമെന്നുമാണ് അങ്ങ് പറയുന്നത്. അത് ഒട്ടും പ്രായോഗികമല്ലാത്ത കാര്യമാണ്. അതുകൊണ്ട് കർഷകരും മലയോര മേഖലയിലെ ജനങ്ങളും ആവശ്യപ്പെടുന്നതുപ്രകാരം പൂർണ്ണമായും ആ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതിയ ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ; അല്ലെങ്കിൽ ഇന്നുള്ള പ്രതികൂലമായ വിധി അതുപോലെ തുടരുന്ന സാഹചര്യം തന്നെ ഉണ്ടാകുമെന്ന് അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമുക്ക് വേണ്ടത് എന്താണെന്നാണ് ഈ സഭ അറിയേണ്ടത്. ഏതെങ്കിലുമൊരു ഉത്തരവ് റദ്ദാക്കുകയോ പുറപ്പെടുവിക്കുകയോ അല്ല, ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൊതു സ്ഥാപനങ്ങളെയും ഒഴിവാക്കുക എന്നതാണ് നമ്മുടെ അഭിപ്രായ വ്യത്യാസമില്ലാത്ത ഉദ്ദേശ്യം. അതിന് സഹായകമായ നിലപാടാണ് സർക്കാർ സ്വീകരിക്കേണ്ടത്. 2019-ൽ ഇവിടെ സൂചിപ്പിച്ചതുപോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി എന്നത് ശരിയാണ്. 2020-ൽ ആ

ഉത്തരവ് പരിഷ്കരിച്ച്, ജനസാന്ദ്രത കൂടിയ മേഖലയെ ഒഴിവാക്കണമെന്ന നിലപാട് സ്വീകരിച്ചു. അന്നിവിടെ ബഹുമാനപ്പെട്ട അംഗങ്ങളും പ്രതിപക്ഷ നേതാവുമുൾപ്പെടെയുള്ളവർ അത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ ചെയ്യാമെന്ന് ഞാൻ ഉറപ്പ് നൽകുയും ചെയ്തിട്ടുണ്ട് എന്ന കാര്യവും ശരിയാണ്. 2016-ലെ ഉത്തരവിനെത്തുടർന്നാണ് 2020-ലെ പുതുക്കിയ പ്രൊപ്പോസലുണ്ടാക്കിയത്. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിൽ 23 ദേശീയോദ്യാനങ്ങളുൾപ്പെടെയുള്ള മേഖലയിൽ ബഫർ സോൺ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തത്. 2019-ലെ ഉത്തരവും മന്ത്രിസഭാ യോഗ തീരുമാനവും നിലനിൽക്കെ മന്ത്രിതല യോഗത്തിന് നിയമസാധുതയില്ല എന്നത് ശരിയാണെന്ന് ഞാൻ അന്ന് സമ്മതിച്ചിട്ടുണ്ട്. 2019-ലെടുത്ത തീരുമാനത്തിന്റെ തുടർച്ചയായി 2020-ലെടുത്ത തീരുമാനവും 2019-ലെ തീരുമാനം ഭേദഗതി ചെയ്തുകൊണ്ടും ഈ നടപടികൾ അംഗീകരിച്ചുകൊണ്ടുമാണ് ഉത്തരവ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതിനുശേഷമല്ല നമ്മൾ ഈ ആവശ്യമുന്നയിച്ചത് എന്ന വസ്തുതയാണ് അതിന് പ്രധാന കാരണം. നമ്മൾ നേരത്തെ ഈ

ആവശ്യങ്ങൾ ഉന്നയിച്ചു, അതിന്റെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആ പ്രൊപ്പോസൽ നിലനിൽക്കെ ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചാൽ മാത്രമേ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും കേന്ദ്ര സർക്കാരിലും കൂടുതൽ സമ്മർദ്ദം ചെലുത്താനും നിയമപരമായ നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ എന്ന നിയമോപദേശത്തിന്റെയുംകൂടി അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്. ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ, സുപ്രീംകോടതിയിലെ advocate counsel, നമ്മുടെ നിയമ വകുപ്പ്, നിയമ മന്ത്രാലയം തുടങ്ങിയവയെല്ലാം പരിശോധിച്ചതിനുശേഷമാണ് ഇത്തരത്തിലുള്ള ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ കാര്യമായി ഒരു ആർഗ്യുമെന്റാണ് നടത്തുന്നത്. സഭയിൽ ഇക്കാര്യങ്ങൾ വന്നപ്പോൾത്തന്നെ ഞങ്ങൾ ഉന്നയിച്ച വിഷയം, 2019-ലെ മന്ത്രിസഭാ തീരുമാനവും അതിന്റെ അടിസ്ഥാനത്തിലെ സർക്കാർ ഉത്തരവും 1 കി.മീ. വരെ ജനവാസ മേഖലയിലേയ്ക്ക് ESZ (Eco Sensitive Zone) വ്യാപിപ്പിക്കാമെന്നാണ് പറയുന്നത്. അത് അങ്ങനെതന്നെ

നിലനിൽക്കുമ്പോൾ ഇപ്പോൾ ആ പരിധി കുറയ്ക്കണമെന്ന് പറഞ്ഞാൽ, 'നിങ്ങൾ അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലേ, whether you altered it, whether you amended it' , എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയോ സെൻട്രൽ എംപവേർഡ് കമ്മിറ്റിയോ ചോദിച്ചാൽ ഉത്തരംമുട്ടും. അതുകൊണ്ടാണ് ഇത് ഒരു പിടിവാശിയുടെയോ ദുരഭിമാനത്തിന്റെയോ പ്രശ്നമാക്കാതെ പ്രായോഗിക തലത്തിൽ നമുക്ക് സംഭവിച്ച പോരായ്മയെയും പാളിച്ചയെയും തിരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ അടിയന്തരപ്രമേയത്തിലും ഗവൺമെന്റ് പ്രമേയത്തിലും ചോദ്യോത്തരങ്ങളിലും വകുപ്പിന്റെ ചർച്ചകളിലുമെല്ലാംതന്നെ ഉന്നയിച്ചത്. ഇത് ന്യായവും യുക്തവും വ്യക്തവുമായ ഒരാവശ്യമാണ്. അതിനിപ്പോഴും പോസിറ്റീവായ മറുപടി ഉണ്ടായിട്ടില്ല. അക്കാര്യം ഗവൺമെന്റ് പുനഃപരിശോധിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ ആവർത്തിക്കാനുദ്ദേശിക്കുന്നത്, ഇവിടെ പിടിവാശിയുടെയോ തർക്കത്തിന്റെയോ പ്രശ്നമില്ലെന്നാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇപ്രകാരമൊരു ചോദ്യം ചോദിച്ചാൽ എന്താണ് മറുപടി എന്ന് ചോദിച്ചില്ലേ; ഈ വരുന്ന ദിവസങ്ങളിൽ

അങ്ങനെയൊരു ചോദ്യം ചോദിക്കുമ്പോൾ നമ്മുടെ മുന്നിൽ ഏറ്റവും ഒടുവിൽ പാസ്സാക്കിയ ഉത്തരവുണ്ട്. 2019-ലെ തീരുമാനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാനാണ് 2020-ൽ മന്ത്രിതല യോഗം നടന്നത്. പക്ഷേ അതിന് ഒരു പ്രശ്നമുള്ളത്, മന്ത്രിസഭാ യോഗവും മന്ത്രിതല യോഗവും തമ്മിലുള്ള വ്യത്യാസമാണ്. ആ വ്യത്യാസം പരിഹരിക്കണമെങ്കിൽ ഈ തീരുമാനത്തെ മന്ത്രിസഭ സാധൂകരിക്കണം. അതിനുള്ള നിയമ നടപടിയാണ് സർക്കാർ സ്വീകരിച്ചത്. അല്ലാതെ ഒരു പിടിവാശിയും ഇക്കാര്യത്തിലില്ല. ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ബഫർ സോൺ എന്നത് തന്നെയാണ് സർക്കാരിന്റെ നിലപാട്. അതിന് ദോഷം വരുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയില്ല.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, 10-08-2022-ൽ ഇറക്കിയ അഞ്ച് പേജുകളുള്ള പുതിയ ഉത്തരവുപോലെ ഇത്രയും വിചിത്രവും അവ്യക്തവുമായ ഒരു ഉത്തരവ് സംസ്ഥാന സർക്കാർ ഇറക്കിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. എന്താണ് നമ്മുടെ ഉദ്ദേശ്യം; വളരെ വ്യക്തമായി പറഞ്ഞത്, 31-10-2019-ലെ ഉത്തരവ് മാറ്റാതെ, അത് മന്ത്രിസഭാ യോഗ

തീരുമാനത്തെത്തുടർന്നുണ്ടാക്കിയ ഉത്തരവാണ്. ആ തീരുമാനം 28-09-2020-ൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാറ്റിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നത്. അതെങ്ങനെ നിലനിൽക്കും? 23-10-2019-ലെ മന്ത്രിസഭാ യോഗ തീരുമാനത്തെത്തുടർന്നുണ്ടായ ഒരു സർക്കാർ ഉത്തരവ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വേറൊരു യോഗത്തിൽ മാറ്റാൻ കഴിയുമോ; അങ്ങനെയാണെങ്കിൽ മന്ത്രിസഭ ചേർന്ന് തീരുമാനമെടുക്കേണ്ടതില്ലല്ലോ; ആ തീരുമാനം ഇപ്പോഴും നിലനിൽക്കുകയാണ്. മാത്രമല്ല പ്രസ്തുത ഉത്തരവിൽ വസ്തുതാപരമായ തെറ്റുണ്ട്. 05-10-2020 മുതൽ 07-04-2022 വരെയുള്ള വിവിധ കത്തുകളിലൂടെ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നത് എന്നുള്ളത് തെറ്റാണ്. കേന്ദ്ര സർക്കാരിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും പരിഗണനയിലുണ്ടായിരുന്നത് 31-10-2019-ലെ ഉത്തരവാണ്. നിങ്ങൾ ഈ

ഉത്തരവുമായി സുപ്രീംകോടതിയിലോ സെൻട്രൽ എംപവേഡ് കമ്മിറ്റിയിലോ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിലോ പോയാൽ, ഇപ്പോഴും നിലനിൽക്കുന്നത് മന്ത്രിസഭാ യോഗതീരുമാനത്തെ തുടർന്നുണ്ടായ ഉത്തരവാണ്. നിങ്ങളുടെ ദുർവാശി മാറ്റിവച്ച്  ഈ ഉത്തരവ് റിവൈസ് ചെയ്യണം. 23-10-2019-ലെ സർക്കാർ ഉത്തരവ് നിലനിൽക്കില്ല, അത് റദ്ദാക്കുന്നു എന്നുതന്നെ പറയണം. അത് ഉബോത്ബലകമായി സാധൂകരിക്കുന്ന കത്തുകളാണ് പിന്നീട് അയച്ചത്. സുപ്രീംകോടതിയുടെ മുന്നിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു യോഗത്തിന് എന്ത് പ്രസക്തിയാണുള്ളത്. നിയമപരമായും സാങ്കേതികപരമായുമല്ലേ അവർ ഈ വിഷയത്തെ സമീപിക്കുന്നത്; അപകടകരമായൊരു സ്ഥിതി വിശേഷമാണുണ്ടാകുന്നത് എന്ന കാര്യം  ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ഉത്തരവുമായി പോയാൽ സുപ്രീംകോടതിയിൽനിന്നും എംപവേർഡ് കമ്മിറ്റിയിൽനിന്നും തിരിച്ചടിയുണ്ടാകുമെന്ന് വിനയപൂർവ്വം അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.  അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം സർക്കാരിനും വനം വകുപ്പിനുമായിരിക്കുമെന്ന് പറയുകയാണ്. ഈ ഉത്തരവ് റിവൈസ്

ചെയ്ത് പുതുക്കിയ ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് സമർത്ഥമായി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലെ ഒരുത്തരവ് തെറ്റായതാണെങ്കിലോ സാധൂകരണമില്ലാത്തതാണെങ്കിലോ മന്ത്രിസഭ സാധൂകരിച്ച് കഴിഞ്ഞാൽ അത് നിയമാനുസൃതമായ ഉത്തരവാണ്. അതാണ് നമ്മുടെ സാധാരണ കീഴ്വഴക്കം. നടപടിക്രമങ്ങളും അങ്ങനെയാണ് പറയുന്നത്. അതുകൊണ്ടാണ് 'സാധൂകരണം' എന്ന വാക്കുതന്നെ നിയമസഭാ രേഖകളിൽ കൂടുതലായി കണ്ടുവരുന്നത്. സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളത് കേരളത്തിന്റെ അഭ്യർത്ഥനയിന്മേലല്ല എന്നതാണ് വസ്തുത. കേരളം മുന്നോട്ടുവച്ച, ബഫർ സോൺ സംബന്ധിച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു കേസിലോ അപേക്ഷയിന്മേലോ അല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്. ഗോവ ഫൗണ്ടേഷൻ Vs ഗവൺമെന്റ് ഓഫ് ഇന്ത്യ, ഗോദവർമ്മൻ തിരുമുൽപ്പാട് Vs ഗവൺമെന്റ് ഓഫ് ഇന്ത്യ എന്നീ കേസുകളിലാണ് ബഹുമനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്. അതുകൊണ്ട് കേരളത്തെയും ഒരു സംസ്ഥാനത്തെയും കേട്ടിട്ടില്ല. ഇതിന്മേൽ

ഒരു കേസോ ഹർജിയോ വാദപ്രതിവാദമോ സുപ്രീംകോടതിയിൽ നടന്നിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കുറച്ചുകൂടി വ്യക്തത വരുത്തുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ അദ്ദേഹം പറഞ്ഞത് വളരെ വ്യക്തമാണ്. ' 2019-ലെ മന്ത്രിസഭാ ഉത്തരവിനെത്തുടർന്നുണ്ടായ സുപ്രീംകോടതി വിധി' എന്ന് പലപ്പോഴും പരാമർശിക്കപ്പെടുന്നുണ്ട്. അതും സുപ്രീംകോടതി വിധിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇവിടെ പരാമർശിക്കപ്പെട്ട രണ്ട് കേസുകളിലാണ് സുപ്രീംകോടതി വിധി വന്നിട്ടുള്ളത്. മന്ത്രിസഭാ തീരുമാനം റദ്ദാക്കുന്നു എന്നുപറഞ്ഞാൽ സുപ്രീംകോടതി വിധി മറികടക്കാനുള്ള ശ്രമമെന്ന രൂപത്തിലാണ് അത് വ്യാഖ്യാനിക്കപ്പെടാനിടയുള്ളത്. 2019-ൽ 0 മുതൽ 1 കി.മീ. വരെ എന്ന് പരിധി വ്യക്തമാക്കിയിരുന്നു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മന്ത്രിതല സമിതി 'ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട്' എന്നുള്ള തീരുമാനമെടുത്തു. ജനവാസമുള്ള പ്രദേശങ്ങളെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷനുകളാണ് തുടർന്ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ആ നോട്ടിഫിക്കേഷനുകളുൾപ്പെടെ

അംഗീകരിക്കുന്ന തീരുമാനമാണ് ക്യാബിനറ്റ് ഒടുവിൽ എടുത്തിട്ടുള്ളത്. ഏത് തീരുമാനമാണോ മന്ത്രിസഭ ഒടുവിൽ എടുത്തിട്ടുള്ളത് അതിന്റെ തുടർച്ച എങ്ങനെ വന്നു എന്നുള്ളത് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒടുവിലത്തെ ഉത്തരവാണ് നിലനിൽക്കുന്നത്. എല്ലാ തരത്തിലുമുള്ള നിയമോപദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ളതാണത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ, 2019-ലെ ഈ തീരുമാനമാണ് ഈ വിധിയിലേയ്ക്ക് എത്തിയത് എന്ന രീതിയിലുള്ള മറ്റെല്ലാ പ്രസ്താവനകളും പൂർണമായും തെറ്റാണ്. എല്ലാ നിയമോപദേശങ്ങളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള വളരെ കൃത്യമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും**

3(*63) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി,

പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും എന്ന ലക്ഷ്യം നേടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂരഹിതരായ പട്ടികഗോത്ര കുടുംബങ്ങൾ ഇല്ലാത്ത ജില്ലയായി തിരുവനന്തപുരത്തെ മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയാണ് നിലവിൽ

ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

ഇതിനു പുറമെ, എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പട്ടികജാതി വിഭാഗങ്ങൾ

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി 3998 കുടുംബങ്ങൾക്കും പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 4041 കുടുംബങ്ങൾക്കുമുൾപ്പെടെ ആകെ 8039 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 271 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി 164 കുടുംബങ്ങൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനാവകാശ നിയമപ്രകാരം 1273 കുടുംബങ്ങൾക്കും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 80 കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 1517 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

നിലവിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സിൽ നിന്നും 70 വയസ്സായും വാർഷിക വരുമാന പരിധി 50,000/- രൂപയിൽനിന്നും ഒരു ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെ ധനസഹായത്തിന് പരിഗണിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി, ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ

ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് പൊതുമേഖലാ/ഷെഡ്യൂൾഡ്/ സഹകരണ ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പ്പയ്ക്കായി പണയപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലുള്ള വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരാണെന്ന് കണ്ടെത്തിയ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വീരണകാവ് വില്ലേജിൽ വാങ്ങിയ 2.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 128 പേർക്ക് 73.0643 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ ത്വരിത നടപടികൾ കൈക്കൊണ്ട് തിരുവനന്തപുരം ജില്ലയെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി ഒന്നാം പിണറായി സർക്കാരിൽ സഖാവ് എ. കെ. ബാലനും രണ്ടാം പിണറായി സർക്കാരിൽ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ പ്രകടമായ മാറ്റം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ട ആർക്കെങ്കിലും അസുഖം ബാധിച്ചാൽ അപ്പോൾതന്നെ ചികിത്സാ സഹായമുൾപ്പെടെ ലഭിക്കുന്ന പദ്ധതികളാണ് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും നടപ്പിലാക്കിയത്. ചെറ്റച്ചൽ ഭൂസമരം അവസാനിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 2003 മുതലാണ് ചെറ്റച്ചലിൽ ഭൂമിക്കുവേണ്ടിയുള്ള സമരം ആരംഭിച്ചത്. ഏകദേശം 19 വർഷങ്ങൾ പിന്നിട്ടതിനുശേഷം ഈ ഗവൺമെന്റ് അവർക്ക് ഭൂമി കൊടുക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ സർക്കാർ-ഉദ്യോഗസ്ഥ തലത്തിൽ ഇടപെട്ട് പരിഹരിച്ചുകൊണ്ട് 128

കുടുംബങ്ങൾക്ക് കഴിഞ്ഞ 25-ാം തീയതി 73 ഏക്കറിലധികം സ്ഥലത്തിന്റെ കൈവശാവകാശ രേഖ കൊടുക്കുന്ന സ്ഥിതിയുണ്ടായത്. നിരവധി ശ്രമങ്ങളുടെ ഫലമായാണ് അവർക്ക് ഭൂമി കൊടുക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഭവനനിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഭവനനിർമ്മാണം സാങ്കേതികമായി പൂർത്തീകരിക്കപ്പെട്ടാലും ചിലയിടങ്ങളിൽ സുരക്ഷിതമായ താമസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിലനിൽക്കുന്നതായി കാണാൻ സാധിക്കുന്നുണ്ട്. അത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കുക മാത്രമാണ് നമ്മൾ ചെയ്യുന്നത്, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ എങ്ങനെയാണെന്ന് പലപ്പോഴും പരിശോധിക്കുന്നില്ല. അതായത്, വൃത്തിയുള്ള അടുക്കളയുണ്ടോ, ടോയ്ലറ്റുണ്ടോ അല്ലെങ്കിൽ തറ ഏത്

രീതിയിലാണ് പണിതിരിക്കുന്നത്, പ്ലംബിംഗ്, വയറിംഗ് അത്തരത്തിൽ ഒന്നുംതന്നെ നമ്മൾ പരിശോധിക്കുന്നില്ല. പണി പൂർത്തീകരിക്കുക മാത്രമാണ് ചെയ്യുന്നത്. അതെല്ലാം പരിശോധിച്ചുകൊണ്ട് എല്ലാ അർത്ഥത്തിലും വാസയോഗ്യമായ വീടുകളാണ് അവർക്ക് നൽകേണ്ടത് എന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച വീടുകൾ സുരക്ഷിതമാക്കി എല്ലാ അർത്ഥത്തിലും ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യം അവർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി 'SAFE' (Secure Accomodation and Facility Enhancement) എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ (Not in the seat)

ശ്രീമതി ഒ. എസ്. അംബിക: സർ, സർക്കാർ ധനസഹായം ലഭിച്ച് നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികളുടെ ആനുകൂല്യത്തിൽ നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയ കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. 60 വയസ്സ് കഴിഞ്ഞ ആളുകൾക്ക് വീട് കൊടുക്കാൻ നേരത്തെ വ്യവസ്ഥയുണ്ടായിരുന്നില്ല,

അതിപ്പോൾ 70 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ വാർഷിക വരുമാന പരിധി 50,000/- രൂപയായിരുന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നൽകുന്ന വീടുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻവേണ്ടിയുള്ള ഇടപെടലും നടത്തിയിട്ടുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ലൈഫ് പദ്ധതിയിൽ പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി ഉൾപ്പെടുത്തുന്നുണ്ടെന്ന വകുപ്പിന്റെ തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റ് വിഭാഗക്കാർക്ക് ഭൂമിയുടെ വിസ്തീർണ്ണത്തിലെ അളവിന് ലിമിറ്റേഷനുണ്ട്. പട്ടികജാതി കുടുംബങ്ങളായ ആളുകൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുവേണ്ടി അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള രേഖയുടെ അടിസ്ഥാനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ ലൈഫ് പദ്ധതിയിൽ പൊതുമാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായ ഒരു മാനദണ്ഡം നിശ്ചയിക്കേണ്ടതുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം

ഇവിടെ ചൂണ്ടിക്കാണിച്ചത്. അത്തരം കാര്യങ്ങൾ ലൈഫ് മിഷനുമായി ചർച്ച ചെയ്തുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്. തീർച്ചയായും അദ്ദേഹം പറഞ്ഞത് ശരിയാണ്. കുറച്ചുകൂടി സൗകര്യങ്ങളുള്ള വീടുകൾ ഉണ്ടാക്കണം എന്ന് പറയുമ്പോൾ ഇപ്പോഴുള്ള മാനദണ്ഡങ്ങൾ മാത്രം മതിയോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, എന്റെ മണ്ഡലമായ തൃക്കാക്കരയിലെ കണ്ണങ്കേരി കോളനിയിൽ ലൈഫ് പദ്ധതി പൂർത്തിയാക്കുന്നതിന് അധികതുക അനുവദിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അവിടെ നിലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ വരുന്ന തുകയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് അയയ്ക്കേണ്ടതുണ്ട്. അത് പരിശോധിച്ചശേഷം മാത്രമെ അക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ.

ശ്രീ. എ. രാജ: സർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നതിന്; അതിന് അഭിനന്ദനങ്ങൾ. മൂന്നാർ ഉൾപ്പെടെയുള്ള തോട്ടം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ പട്ടികജാതി

വിഭാഗത്തിൽപ്പെട്ടവരാണ്. ലൈഫ് പദ്ധതിയിൽ പേരുൾപ്പെട്ടവർക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. ഈ മേഖലകളിൽ വീടിന്റെ ആവശ്യക്കാർ ഏറെയായതിനാൽ ലൈഫ് ലിസ്റ്റിലുൾപ്പെട്ട കൂടുതൽ പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുമോ എന്നതാണെന്റെ ചോദ്യം?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, തോട്ടം തൊഴിലാളികളുടെ പാർപ്പിടത്തിന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുകയും അക്കാര്യത്തിൽ തൊഴിൽവകുപ്പ് നന്നായി ഇടപെടുകയും ചെയ്യുന്നുണ്ട്. തോട്ടത്തിൽ തന്നെ സ്ഥലം ലഭ്യമാക്കി തോട്ടത്തിൽ ജോലി ചെയ്തുവരുന്നതും അതുപോലെ ജോലികഴിഞ്ഞ് പോയ ആളുകൾക്കും ഭൂമി കണ്ടെത്തി അവർക്ക് പാർപ്പിടമുണ്ടാക്കിക്കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിൽ പ്രത്യേകിച്ചും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ് കൂടുതലുള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു. പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളതുകൂടി തൊഴിൽവകുപ്പുമായി ചർച്ചചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, അംബേദ്കർ ഗ്രാമ വികസന പദ്ധതിയനുസരിച്ച് 2016-17-ൽ കുറേ കോളനികൾ ഏറ്റെടുത്തിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ അയ്യങ്കാളി എസ്.സി. കോളനി, മീൻകുഴി നഗരിയിൽ കാരി കോളനി എന്നിവ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ ഉന്നയിച്ചിരുന്നു. അങ്ങ് ഒരു റിവ്യൂ മീറ്റിംഗ് നടത്തിയിട്ട് കഴിഞ്ഞ മാർച്ചിൽ പണി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞതെങ്കിലും ഇതുവരെയും പണി തുടങ്ങിയിട്ടില്ല. ഇതിലേറ്റവും അപകടകരമായ സ്ഥിതിവിശേഷം നമ്മുടെ അക്രഡിറ്റഡ് ഏജൻസി ഒരു കോളനിയേറ്റെടുത്തു. അവർ ഉടനെ പണി തുടങ്ങാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള കോളനി നിവാസികൾ പല വീടുകളും പൊളിച്ചു. പിന്നെ അവരെ കാണാനുമില്ല; അവർ ആ വഴി വന്നുമില്ല. ഇപ്പോൾ അവർ തല്ക്കാലം കെട്ടി മേഞ്ഞ് നിർത്തിയിരിക്കുകയാണ്. 2017-ൽ ആരംഭിക്കുന്ന ഈ പദ്ധതിയനുസരിച്ച് പണി പൂർത്തിയാകാത്ത ഒട്ടേറെ കേസുകൾ ഇന്നത്തെ അൺസ്റ്റാർഡ് ക്വിസ്റ്റ്യൻസിൽ പല മെമ്പർമാരും ഉന്നയിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി ഒരുത്തരവാദിത്തവുമില്ലാത്ത ആളുകളായതിനാലും ഇത് ഗൗരവമായ ഒരു

പ്രശ്നമായതുകൊണ്ടും അംബേദ്കർ കോളനിയുടെ ഇന്നത്തെ ഈ സാഹചര്യത്തിന് ബദലായി എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ കഴിയുമോ; അല്ലെങ്കിൽ സമയബന്ധിതമായി അത് പൂർത്തിയാക്കാൻ കഴിയുമോ; അങ്ങ് റിവ്യൂ മീറ്റിംഗിൽ പറഞ്ഞപ്രകാരം ഈ മാർച്ച് 30-ന് തീർക്കാൻ പറഞ്ഞിട്ടും ഇതുവരെ തുടങ്ങാത്ത ഒരു പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് അങ്ങിത് പ്രത്യേകം പരിശോധിക്കണമെന്നാണെന്റെ അഭിപ്രായം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മഞ്ചേരി മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. മാർച്ച് 31-ന് പൂർത്തിയാക്കുന്നതിന് വിവിധ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത്. ആ ഏജൻസികൾ സമയബന്ധിതമായി വർക്കുകൾ പൂർത്തീകരിക്കാതിരിക്കുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നയുടനെ മുഴുവൻ കോളനിയിലെയും വിവിധ ഏജൻസികളെ വിളിച്ച് റിവ്യൂ മീറ്റിംഗ് നടത്തി 2021 ഡിസംബർ 31-ന് തീർക്കാൻ കഴിയുന്നത് ഏതാണെന്നും മാർച്ച് 31-ന് തീർക്കാൻ കഴിയുന്ന കോളനികൾ ഏതൊക്കെയാണെന്നും കണ്ടെത്തിയിരുന്നു. ഫലപ്രദമായി ഇടപെട്ട് പണി പൂർത്തീകരിച്ച

ഏജൻസികളുണ്ടെങ്കിലും ചില ഏജൻസികൾ ആയത് പൂർത്തീകരിച്ചിട്ടില്ല. അത്തരം ഏജൻസികളെ ഒഴിവാക്കി റിസ്ക് ആൻഡ് കോസ്റ്റിൽ ടി വർക്കുകൾ വീണ്ടും ഏറ്റെടുത്ത് ചെയ്യുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കുറച്ച് കാലതാമസം വന്നിട്ടുണ്ട്. അത് ഏജൻസികളുടെ കുഴപ്പമായതിനാൽ ആ ഏജൻസികളെ മാറ്റി പകരം പുതിയ ഏജൻസികൾക്ക് കൊടുത്തുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. എം. എസ്. അരുൺകുമാർ: സർ, ലൈഫ് ഭവന പദ്ധതിയിൽ തദ്ദേശസ്വയംഭരണവകുപ്പ് മുഖേന അനുവദിക്കപ്പെട്ടുവാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭിക്കുന്നുണ്ടെങ്കിലും പട്ടികജാതി വകുപ്പ് മുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ മാത്രമാണ് ഇളവ് ലഭിക്കുന്നത്. ഇത്തരം ഭൂമിക്ക് രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത് ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ലോക്കൽ ബോഡീസ് വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ട; എന്നാൽ വികസന വകുപ്പ് വാങ്ങിക്കൊടുക്കുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി

കൊടുക്കേണ്ടതുണ്ട്. അക്കാര്യം ധനകാര്യ വകുപ്പുമായി ചർച്ചചെയ്തിട്ടുണ്ട്. അതിന്മേൽ തീരുമാനമെടുക്കാനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ലൈഫ് പദ്ധതിയിൽ ലഭിക്കുന്ന വീടുകൾ സംബന്ധിച്ച ഒരു വിഷയമാണിത്. ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നൽകുന്ന സന്ദർഭത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളാണ് ലഭിക്കുന്നത്. ഒന്നുകിലത് വെള്ളക്കെട്ടായിരിക്കും അല്ലെങ്കിൽ പാറപുറമ്പോക്കായിരിക്കുമെന്നത് വ്യാപകമായ പരാതിയാണ്. ഇത് ഒറ്റപ്പെട്ടതല്ല; അത് മാറ്റിക്കിട്ടണമെന്നാവശ്യപ്പെട്ടാൽ ഒരു കാലത്തും നടക്കാതെ ഈ പാവങ്ങൾ ഓഫീസുകൾ കയറിയിറങ്ങി മടുത്തിരിക്കുകയാണ്. അതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി ലഭ്യമാക്കുകയെന്നത് അനിവാര്യമായ ഒന്നാണ്; ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കുക തന്നെവേണം. ലൈഫിൽനിന്നും മാറ്റി പ്രത്യേക പദ്ധതിയായി തന്നെ അത് കൊണ്ടുവരണം. ഇങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അടിയന്തരനടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില സ്ഥലങ്ങളിൽ വെള്ളക്കെട്ടുള്ള സ്ഥലത്താണ് ഭൂമി വാങ്ങിക്കൊടുക്കുന്നത്. വേനൽക്കാലത്ത് വാങ്ങിക്കൊടുക്കുന്നതിനാൽ അപ്പോൾ വെള്ളക്കെട്ടുണ്ടാകില്ല. പിന്നെ മഴ പെയ്തുകഴിഞ്ഞാൽ അവിടം 5 മാസക്കാലം വെള്ളം നിറഞ്ഞുനിൽക്കുന്ന സ്ഥലവുമായിരിക്കും. അത്തരത്തിൽ കണ്ടെത്തിയ കേസുകളിൽ ഭൂമി വാങ്ങി നൽകിയവരുടെ പേരിൽ നടപടിയുമെടുത്തിട്ടുണ്ട്. ലോക്കൽ ബോഡീസ് വാങ്ങിക്കൊടുക്കുന്നതിലും ഇത്തരം വീഴ്ചകൾ ചില സ്ഥലത്ത് കണ്ടെത്തിയിട്ടുള്ളത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വേനൽക്കാലത്താണ് മിക്കവാറും സ്ഥലങ്ങൾ വാങ്ങിക്കൊടുക്കുന്നത്. ആ സമയത്ത് വെള്ളക്കെട്ടുണ്ടാകില്ല. പക്ഷെ വീടിന്റെ പണി തുടങ്ങുന്ന സമയമാകുമ്പോൾ വെള്ളക്കെട്ടുണ്ടാകുന്ന സ്ഥിതിയുണ്ട്. അതിനുമാറ്റം വരുത്തണം. എം.എൽ.എ.-മാർ തന്നെ നേതൃത്വം കൊടുക്കുന്ന റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിക്കുന്നതിന് പ്രധാനപ്പെട്ട കാരണവും അതാണ്. എല്ലാ മണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിലുള്ള റിവ്യൂ കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച്

പരിശോധിക്കുകയാണ്. ഇത്തരം ഏതെങ്കിലും പ്രയാസകരമായിട്ടുള്ള സ്ഥലങ്ങളിൽ സ്ഥലം വാങ്ങിക്കൊടുത്തിട്ടുണ്ടോ എന്നുകൂടി പരിശോധിക്കാൻ അതത് ലോക്കൽ ബോഡീസിന്റെ ജനപ്രതിനിധികളും അവിടത്തെ ഉദ്യോഗസ്ഥന്മാരും വിവിധ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുമുണ്ടാകും. അപ്പോൾ തീർച്ചയായും കുറേ അപാകതകൾ പരിഹരിക്കാൻ കഴിയും. ആയതിനാൽ ലൈഫ് പദ്ധതിയിൽനിന്നും ഇപ്പോൾ ഇതിനെ മാറ്റേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ലൈഫ് പദ്ധതിയനുസരിച്ച് ഈ വർഷം കുറേയധികം വീടുകൾ കൊടുക്കാൻ കഴിയും. അപ്രകാരം വാങ്ങിക്കൊടുക്കുന്ന സ്ഥലം വീട് വയ്ക്കാൻ കഴിയുന്നതാണോ എന്ന് കൃത്യമായി പരിശോധിച്ച് ചെയ്യാവുന്നതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 'ഹരിതരശ്മി' മുതൽ 'ഗോത്രസാരഥി' വരെയും പഞ്ഞമാസങ്ങളിൽ ആദിവാസി സമൂഹത്തിന് നൽകുന്ന കിറ്റും ഓണത്തിന് ഓണപ്പുടവ മുതലുള്ള ഭക്ഷ്യധാന്യ കിറ്റും നൽകുന്ന ഗവൺമെന്റിനെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. 1517 പേർക്കാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഭൂമി നൽകിയത്. അതിൽ ഭവന നിർമ്മാണവുമായി മുന്നോട്ടുപോകുമ്പോൾ അത്തരം മേഖലകളിൽ വലിയ

തോതിലുള്ള ചൂഷണമാണ് നടക്കുന്നത്. ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി പട്ടികവർഗ്ഗ വകുപ്പുതന്നെ നടപ്പിലാക്കിയ പദ്ധതിയാണ് 'ഗോത്രജീവിക'. അതിന്റെ ഭാഗമായി എത്ര പേർക്ക് എതെല്ലാം മേഖലയിൽ പരിശീലനം നൽകാൻ കഴിഞ്ഞെന്നും എത്രപേർക്ക് തൊഴിലും കൂലിയും ലഭ്യമാക്കിയെന്നും വിശദമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ട്രൈബ്സിനുവേണ്ടി വീട് വച്ചുകൊടുക്കുമ്പോൾ അതിലെ ഇടനിലക്കാർ വലിയ തട്ടിപ്പ് മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ട്. അത് കുറച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ഇടപെടലാണ് ഗവൺമെന്റ് ഇപ്പോൾ നടത്തുന്നത്. അവരുടെകൂടി പങ്കാളിത്തത്തോടെ അവർക്കുവേണ്ട പാർപ്പിടങ്ങൾ നിർമ്മിക്കുക എന്ന രീതിയിലേയ്ക്ക് വരണം. ആ രീതിയിലേയ്ക്ക് അവരെ ചിന്തിപ്പിക്കാൻ കഴിയുന്ന ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. അതുകൊണ്ടാണ് സിവിൽ എഞ്ചിനീയറിംഗ് കഴിഞ്ഞ ഐ.ടി.ഐ., പോളിടെക്നിക്, ബി.ടെക് കഴിഞ്ഞ ഇരുനൂറോളം ട്രൈബൽ കുട്ടികളെ അക്രഡിറ്റഡ് എഞ്ചിനീയേഴ്സാക്കി ട്രൈബൽ

മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രധാനമായും പരിശോധിക്കാൻ വേണ്ടി തീരുമാനിച്ചത്. അവരുടെ നിയമനം അടുത്ത മാസം ആദ്യം നടക്കും. അതുകഴിഞ്ഞാൽ പാവപ്പെട്ടവർക്ക് നൽകുന്ന എല്ലാ നിർമ്മാണപ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിന് അവർക്ക് കഴിയും. ആ രീതിയിലുള്ള ഒരു ഇടപെടൽ അവരുടെ ഇടയിൽ നിന്നുതന്നെ ഉണ്ടാക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അതോടൊപ്പം ട്രൈബൽ പ്രമോട്ടേഴ്സിനെ തെരഞ്ഞെടുത്ത് നല്ല പരിശീലനമാണ് നൽകുന്നത്. ആദ്യ ബാച്ചിന്റെ പരിശീലനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെയാണ് ഉദ്ഘാടനം ചെയ്തത്. അവരുടെ കൂടി ഇടപെടലുണ്ടാവുകയാണ്. ഗോത്രജീവിക എന്നുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ട് എത്ര ആളുകൾക്ക് ജോലി കൊടുക്കാൻ കഴിഞ്ഞു, എത്ര വീടുകൾ പണി പൂർത്തീകരിച്ചു എന്നുള്ളത് സംബന്ധിച്ച പരിശോധനകൾ നടക്കുന്നു വരികയാണ്. ആ പരിശോധനകൾക്ക് ശേഷം കൃത്യമായി മറുപടി  നൽകുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സമൂഹത്തിൽ ഇനിയും വളരെയേറെ പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സ്വന്തമായി ഭൂമിയും വീടും എന്ന മഹത്തായ തീരുമാനമെടുത്തിട്ട് പതിറ്റാണ്ടുകൾ

കഴിഞ്ഞു. ഇതിനകം എത്രയാളുകൾക്ക് വാസയോഗ്യമായ വീടും സ്ഥലവും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കനുസരിച്ച് എത്ര പേർക്ക് ഇനിയും കൊടുക്കേണ്ടതുണ്ട്; ഒരു തീവ്രയത്ന പ്രവർത്തനത്തിലൂടെ സമയപരിധിവച്ചുകൊണ്ട് ഇത് പൂർത്തീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എല്ലാവർക്കും ഭൂമിയും വീടും കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അതിനുവേണ്ടിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. അതിന്റെ വ്യത്യസ്തമായ കണക്കുകൾ വരുന്നതിനാൽ കൃത്യമായ കണക്കുകളെടുക്കാൻ ഗ്രാസ് റൂട്ട് ലെവലിലുള്ള സർവ്വേ നടത്തണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. അത് കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത മാസത്തോടുകൂടി കൃത്യമായിട്ടുള്ള കണക്ക് സ്വരൂപിക്കാൻ കഴിയും. അതിനുശേഷം ഗ്രാസ് റൂട്ട് ലെവലിൽ മൈക്രോ ലെവൽ പ്ലാനിംഗ് നടപ്പിലാക്കുന്നതാണ്. മൈക്രോ ലെവൽ പ്ലാനിംഗ് നടപ്പിലാക്കുമ്പോൾ ഓരോ കുടുംബത്തിന്റെയും കുടുംബത്തിലെ അംഗങ്ങളുടെയും പ്രശ്നമെന്താണെന്ന് കൃത്യമായി മനസ്സിലാക്കിക്കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻകഴിയും. അതിന് ജനപ്രതിനിധികളുടെ

നല്ല രീതിയിലുള്ള ഇടപെടലുണ്ടാകണം. എം.എൽ.എ.-മാരടക്കം ഈ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ മോണിറ്ററിംഗ് ചെയ്യാൻ തുടങ്ങിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ നല്ല പ്രതികരണമാണ് പൊതുവെ ഉണ്ടായിരിക്കുന്നത്. എം.എൽ.എ.- മാരുടെ മേൽനോട്ടത്തിൽ ഇതുവരെ ഇങ്ങനെയൊരു സംവിധാനമുണ്ടായിരുന്നില്ല. എം.എൽ.എ.- മാർ കൂടി പങ്കെടുത്തുകൊണ്ട് മോണിറ്ററിംഗ് നടത്തുമ്പോൾ വലിയ രീതിയിലുള്ള മാറ്റമാണ് ഉണ്ടായിരിക്കുന്നത്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ (*64)

**ബഫർ സോൺ**

(*64) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയ്ക്ക് ചുറ്റുമുള്ള ജനവാസ മേഖലകൾ ബഫർ സോണിൽനിന്നും പൂർണമായും

ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിന് അനുസൃതമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനമുണ്ടാകണമെന്ന അഭ്യർത്ഥനയോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്മേലുള്ള സുപ്രീം കോടതി വിധി പുനഃപരിശോധിക്കാൻ വേണ്ട നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കി.മീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹു.

സുപ്രീംകോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ടി നടപടികളുടെ ഭാഗമായി 27-07-2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-08-2022-ലെ സ.ഉ.(കൈ)നം.44/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലുള്ളതെന്നും ആയതിനാൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്.

സംസ്ഥാനത്തിന്റെ പൊതുതാൽപര്യപ്രകാരമുള്ള ടി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് സംസ്ഥാനത്ത് പൊതുവെയും മലയോര മേഖലയിൽ പ്രത്യേകിച്ചും ആശങ്കകൾ സൃഷ്ടിച്ച സാഹചര്യത്തിൽ 08-06-2022-ൽ ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ, മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു. സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ബഹു. സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹു. വനം

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഇതിൻപ്രകാരം ഒരു റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ടി ഉത്തരവിൽ പരാമർശിക്കുന്ന കാലയളവിനുള്ളിൽ ബഹു. സുപ്രീംകോടതിയിൽ സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, <u>ബഹു</u>മാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സുപ്രീംകോടതി വിധി ബാധകമായ സംസ്ഥാനങ്ങളെയൊന്നും കോടതി കേട്ടിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ വിധിയുടെ ഭാഗമായി ഇപ്പോൾ റിവ്യൂ പെറ്റീഷൻ സമർപ്പിക്കാനും കേന്ദ്ര സർക്കാരിനെ സമീപിക്കാനുമൊക്കെ സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ സ്വീകരിക്കുമ്പോൾ ഈ വിധിയുടെ ഭാഗമായി

ഇത് ബാധകമാകുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങൾ, കൃഷി, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വിവരം ശേഖരിക്കാനും അത് സമർപ്പിക്കാനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ ഇത്തരത്തിലുള്ള ഒരു പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 23 മേഖലകളിലും ഇന്നലെയോടുകൂടി പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്. ആ പരിശോധനയുടെ ഭാഗമായി, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട കൃഷി, വൈദ്യുതി, ജലസേചനം എന്നീ വകുപ്പുമന്ത്രിമാരും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരും ഉൾക്കൊള്ളുന്ന ഒരു യോഗം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് ചേരുന്നുണ്ട്. ആ യോഗത്തിൽ പരിശോധിച്ചശേഷം നിശ്ചയിക്കപ്പെട്ട തീയതിക്കുമുമ്പ്, ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും സമർപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് 1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന കൃഷിക്കാരുടെ പട്ടയം കൊടുക്കാൻവേണ്ടി ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഗവൺമെന്റ് തന്നെ അനുമതി നൽകിയ ഭൂമിയിലെ പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങളെ ഇത് എങ്ങനെയാണ് ബാധിക്കുകയെന്നും; അതുകൂടി പരിഗണിക്കുന്ന നിലപാട് സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ പ്രശ്നം പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വനം പരിസ്ഥിതി മന്ത്രാലയത്തിലെ ക്യാബിനെറ്റ് മന്ത്രിക്ക് ഒരു നിവേദനം കേരള സർക്കാർ നേരിട്ട് സമർപ്പിച്ചിട്ടുണ്ട്. ജൂലൈ 14-ാം തീയതിയാണ് ഈ നിവേദനം സമർപ്പിച്ചിട്ടുള്ളത്. നമ്മൾ കാണിച്ചിട്ടുള്ള അപേക്ഷകളിൽ ഇത്തരം പ്രശ്നങ്ങളിൽ അനുകൂലമായൊരു തീരുമാനമുണ്ടാകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയൊരു അനുവാദം കിട്ടിക്കഴിഞ്ഞാൽ ഏതാണ്ട് പതിനായിരത്തിലധികം വനഭൂമിയുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിലെ പട്ടയം ലഭിക്കാതെപോയ പാവപ്പെട്ട ആളുകൾക്ക് പട്ടയം നൽകാൻ സാധിക്കുന്നതാണ്. അതിനുള്ള ശ്രമങ്ങൾ ശക്തിയായി

തുടരുകതന്നെയാണ് ചെയ്യുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, രണ്ടാമത് ചോദ്യത്തിന് മറുപടിയായും നാലാമത് ചോദ്യത്തിന് മറുപടിയായും ബഫർ സോൺ വിഷയത്തിൽ അങ്ങ് നടത്തിയ പ്രസ്താവന ഏറെക്കുറേ വ്യക്തമായിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ എന്റെ ചോദ്യം, ഈ കാര്യത്തിൽ കേരള സംസ്ഥാനത്തിനൊരു നിലപാടുണ്ട്. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും ഈ കാര്യത്തിലെടുത്തിട്ടുള്ള ചില സമീപനമുണ്ട്. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്താണ് തമിഴ്നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട മലയോര മേഖല വരുന്നത്. വൈകുണ്ഠം, ശിവലോകം, പേച്ചിപ്പാറ, പെരുഞ്ചാണി, കുലശേഖരം തുടങ്ങിയ സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി കൈമാറ്റം ചെയ്യാൻ കഴിയാതെ കിടക്കുകയാണ്. അതുകൂടെ പരിഗണിച്ചുകൊണ്ട് മാത്രമെ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം പുറത്ത് വന്നിട്ടുള്ളൂ. ഇക്കാര്യത്തിൽ ടി സംസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ നമുക്ക് സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മറ്റ് സംസ്ഥാനങ്ങളുമായി ഉദ്യോഗസ്ഥ തലത്തിലുള്ള കൂടിയാലോചനകൾ ഇതിനകംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

കേരളം മാത്രമാണ് സുപ്രീംകോടതി പറഞ്ഞ സമയത്ത് പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളത് ഇന്ത്യയിലെ മറ്റൊരു ഗവൺമെന്റും ഈ തീയതി വരെ സുപ്രീംകോടതിയെ സമീപിച്ചിട്ടില്ലെന്ന് ഈ ഘട്ടത്തിൽ പ്രത്യേകമായി നമ്മൾ ഓർമ്മിക്കേണ്ടതാണ്. അവരുടെയൊക്കെ സമീപനത്തിന്റെ ഭാഗമായിട്ടായിരിക്കാം അവർ അങ്ങനെ പോകാത്തത്. മറ്റ് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് കൂട്ടായ ശ്രമം നടത്തുന്നതാണ് ഉചിതമെന്നാണ് ആദ്യം കരുതിയത്. പക്ഷേ, നമ്മളൊഴിച്ച് ഒരു സംസ്ഥാന ഗവൺമെന്റും ഈ ദിവസം വരെ അത്തരത്തിലൊരു ഹർജിയുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയേയോ കേന്ദ്ര ഗവൺമെന്റിനേയോ സമീപിച്ചതായി അറിയാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി കേരളം കൊടുത്ത നിവേദനവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ തീർച്ചയായും മറ്റ് സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് അവർതന്നെ സുപ്രീംകോടതിയെ സമീപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആ അനുകൂല ഘടകത്തെ പ്രയോജനപ്പെടുത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: സർ, ബഫർ സോണിലെ ജനവാസ

കേന്ദ്രങ്ങളെ അതിൽനിന്നും ഒഴിവാക്കുമ്പോഴും വനാതിർത്തിയിൽ പരിസ്ഥിതിക്ക് കോട്ടമുണ്ടാകുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്താക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ബഫർ സോൺ തന്നെ വേണ്ടെന്നൊരു നിലപാട് സ്വീകരിക്കാൻ നമുക്കാർക്കും കഴിയുമെന്ന് തോന്നുന്നില്ല. ആ കാര്യത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയുമായിട്ട് അഭിപ്രായ വ്യത്യാസമില്ലാത്തൊരു കാര്യമാണ്. ബഫർ സോണുകളുണ്ടാകേണ്ടതുണ്ട്; പരിസ്ഥിതി സംരക്ഷിക്കേണ്ടതുണ്ട്, അതുമായി ബന്ധപ്പെട്ട് കേന്ദ്ര ഹരിത ട്രൈബ്യൂണൽ കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ നമുക്ക് പാലിക്കേണ്ടതായിട്ടുണ്ട്. അതൊക്കെ പാലിച്ചുകൊണ്ടായിരിക്കും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുക.

(ചോദ്യോത്തരസമയം കഴിഞ്ഞു.)